**SY-4008**

Class No. : ......................................

Name : ..........................................

**SECOND YEAR HIGHER SECONDARY**
**SECOND TERMINAL EXAMINATION, DECEMBER-2025**

Part – II

Time : $2\frac{1}{2}$ Hours

# മലയാളം

Cool-off time : 15 Minutes

**(MALAYALAM)**

Maximum : 80 Scores

***വിദ്യാർത്ഥികൾക്കുള്ള പൊതുനിർദ്ദേശങ്ങൾ :***

- 15 മിനിറ്റ് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ വായിക്കാനും ഇഷ്ടമുള്ളവ തിരഞ്ഞെടുക്കാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കാം.
- ഓരോ ചോദ്യവുമായി ബന്ധപ്പെട്ട നിർദേശങ്ങൾ വായിച്ചു മനസ്സിലാക്കി ഉത്തരമെഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

**1 മുതൽ 6 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 5 എണ്ണത്തിന് ഉത്തരമെഴുതുക.**
**2 സ്കോർ വിതം.** **(5 × 2 = 10)**

1. താഴെ സൂചിപ്പിച്ചിട്ടുള്ള പ്രസ്താവനകളിൽ സജ്ജനങ്ങളുടെ പ്രവൃത്തികളുമായി ബന്ധപ്പെട്ടു നിൽക്കുന്നവ ഏതെല്ലാം ?

   – മത്തേഭം പാംസുസ്നാനം ചെയ്യുന്നതു പോലെ.

   – നല്ലനായിരിപ്പവൻ നല്ലതു ഗ്രഹിച്ചീടുന്നതുപോലെ.

   – കോകിലനാരി പോലെ

   – വെള്ളത്തെ വെടിഞ്ഞു പാലന്നമെന്നതു പോലെ

2. "ഏതെങ്കിലും കുറേ പടങ്ങൾ പോരേ ? ഇന്നതുതന്നെവേണമെന്ന് നിർബന്ധം പിടിക്കുന്നത് അത്ര ബുദ്ധിയാണോ ? വെറുതെ സമയം പാഴാണ്." ഈ സംഭാഷണത്തിൽ തെളിയുന്ന കച്ചവടസമീപനങ്ങളെന്തെല്ലാം ?

– കച്ചവട താല്പര്യത്തേക്കാൾ ഉപഭോക്തവിന്റെ താല്പര്യത്തിന് പ്രാധാന്യം.

– വസ്തുവിന്റെ ഗുണമേന്മയ്ക്കുള്ള പ്രാധാന്യം.

– ഉൽപന്നത്തിന്റെ ഗുണമേൻമയെ പരിഗണിക്കാത്ത കച്ചവട രീതി.

– ഉപഭോക്താവിനെ പരിഗണിക്കാത്ത വിപണി സംസ്കാരം.

3. 'അഗ്നിവർണ്ണന്റെ കാലുകൾ' എന്ന നാടകത്തിൽ കണ്ടെത്താവുന്ന രണ്ടു തനതുനാടക സവിശേഷതകളാണ്.

– പാശ്ചാത്യ നാടകവേദിയുടെ സ്വാധീനം.

– താളാത്മകമായ അവതരണം.

– സംഭാഷണങ്ങൾക്ക് പ്രാധാന്യമില്ല.

– സമകാലിക ജീവിത സമസ്യകളെ നാടകരൂപത്തിൽ അവതരിപ്പിച്ചു.

4. പുലിക്കോട്ടിൽ ഹൈദറിനെ അറബിമലയാള സാഹിത്യത്തിൽ നിന്ന് വ്യത്യസ്തനാക്കുന്ന രണ്ടു പ്രത്യേകതകളെഴുതുക.

– അറബി ഭാഷയിൽ കാവ്യരചന നടത്തി.

– മതേതരവും പ്രാദേശികവുമായ പ്രമേയങ്ങൾ ഉപയോഗിച്ചു.

– കേരളീയതയ്ക്ക് പ്രാധാന്യം നൽകി.

– സങ്കരഭാഷ ഉപയോഗിച്ചു.

5. 'കൊള്ളിവാക്കല്ലാതൊന്നും' എന്ന കവിതയിൽ സ്ത്രീകൾ അനുഭവിക്കുന്ന പ്രശ്നങ്ങളെക്കുറിച്ച് സൂചന നൽകുന്ന വരികളാണ്.

– ചോറൊരുവറ്റും ചെല്ലുന്നതില്ല

  രോഗം വെല്ലുന്നൗഷധജാലം

– കുറവും പറഞ്ഞു നശിപ്പിക്കുന്നു

  കുറവറ്റീടിന മുനികുലനാഥൻ

– മറിമായങ്ങളുമവിനയവും ഞാൻ

  അറിയുന്നവളല്ലച്യുതകൃഷ്ണ !

– എടുത്തെന്നാലതും കുറ്റം

  എടുക്കാഞ്ഞാലതും കുറ്റം

6. 'ബദരിയും പരിസരങ്ങളും' എന്ന യാത്രാവിവരണത്തിൽ ലേഖകൻ വിവരിക്കുന്ന ബദരികാശ്രമത്തിന്റെ രണ്ടു പ്രത്യേകതകൾ എടുത്തെഴുതുക.

– ബദരികാശ്രമത്തിൽ വെച്ച് രാമായണത്തിലെ ശ്ലോകങ്ങൾ എഴുതി.

– വേദങ്ങൾ സഞ്ചയിച്ചയിടം.

– പൗരാണിക സ്മരണകളുടെ പൂങ്കാവനം

– ശ്രീശങ്കരാചാര്യർ ജനിച്ചയിടം.

**7 മുതൽ 12 വരെയുള്ള ചോദ്യങ്ങളിൽ 4 എണ്ണത്തിന് ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരം എഴുതുക. 2 സ്കോർ വിതം.** **(4 × 2 = 8)**

7. കാട്ജിനെയെ ടോട്ടോയും ജോവലും കൂടുതൽ ഇഷ്ടപ്പെടാൻ കാരണമെന്ത് ?

8. ഫിസിക്സിലെ പുതിയ കണ്ടുപിടുത്തങ്ങളിലേയ്ക്ക് ഇ.സി.ജി. സുദർശന് മലയാളം ക്ലാസ്സുകൾ പ്രചോദനമായതെങ്ങനെ ?

9. കേശിനി ഒളിഞ്ഞുനിന്നു കണ്ട ബാഹുകന്റെ അത്ഭുത പ്രവൃത്തികളിൽ ഏതെങ്കിലും രണ്ടെണ്ണം എഴുതുക.

10. "നീയിപ്പോൾ ചിലച്ചതെന്തിന് ? മനുഷ്യർ എത്ര പുരോഗമിച്ചാലും അവർക്ക് ഗൗളിയുടെ ചിലയ്ക്കലിൽ വലിയ വിശ്വാസമാണെന്ന് നിനക്കറിഞ്ഞുകൂടേ ?" ആൺഗൗളിയുടെ ഈ പരാമർശത്തിലെ സൂചനയെന്ത് ?

11. "കുഴപ്പത്തിലായത് ഇരയായ ആളല്ല, അതുകണ്ട് ഓടിവന്നയാളാണ്," 'തേങ്ങ' എന്ന കവിതയിലൂടെ വ്യക്തമാകുന്ന ആക്ഷേപഹാസ്യമെന്ത് ?

12. സൂര്യകുണ്ഡിന്റെ പ്രത്യേകതയെന്ത് ?

**13 മുതൽ 19 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 6 എണ്ണത്തിന് ഒരു ഖണ്ഡികയിൽ ഉത്തരമെഴുതുക. 4 സ്കോർ വീതം.** **(6 × 4 = 24)**

13. 'കിരാതവൃത്തം' എന്ന കവിത മുന്നോട്ടു വെക്കുന്ന പരിസ്ഥിതി പ്രശ്നത്തെക്കുറിച്ച് ലഘു കുറിപ്പു തയ്യാറാക്കുക.

14. ബാഹുകൻ തന്നെയാണ് നളൻ എന്ന നിഗമനത്തിലെത്തിച്ചേരുവാൻ കേശിനി ദമയന്തിയെ സഹായിച്ചതെങ്ങനെ ?

15. മാപ്പിളപ്പാട്ടുസാഹിത്യത്തിലെ സമ്പുഷ്ടമായൊരു കൈവഴിയാണ് കത്തുപാട്ടുകൾ. 'മറിയക്കുട്ടിയുടെ കത്തി'നെക്കുറിച്ച് ലഘു വിവരണം തയ്യാറാക്കുക.

16. കാക്കാരശ്ശിനാടകത്തെക്കുറിച്ച് ലഘു വിവരണം തയ്യാറാക്കുക.

17. 'തേങ്ങ' എന്ന കവിതയിലെ "തലയിൽ തേങ്ങ വീണാൽ ചിരിക്കരുത്" എന്ന ഗുണപാഠം സാധാരണ ഗുണപാഠങ്ങളിൽ നിന്ന് എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു ?

18. "ഇന്നലെ രാത്രി കുറച്ചു മഞ്ഞു കൊണ്ടു – ജലദോഷം പിടിച്ചു" എന്നു നമ്മൾ പറയും പോലെ അത്ര നിസ്സാരമായിട്ടാണ് സൂര്യപ്രകാശ് തന്റെ അനുഭവകഥ പറഞ്ഞത്. കഥയെന്തായിരുന്നു ?

19. 'മോഷണം' എന്ന കവിത പുറമെ ഫലിതമെന്നു തോന്നുമെങ്കിലും ഗഹനമായ ഒരു ചിന്തകൂടി ഉണർത്തുന്നില്ലേ ? വ്യക്തമാക്കുക.

**20 മുതൽ 24 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. 6 സ്കോർ വിതം.** **(4 × 6 = 24)**

20. "മേരുവും കടുകുമുള്ളന്തരമുണ്ടു നമ്മിൽ" ശകുന്തള ഇങ്ങനെ പറയാനുള്ള കാരണമെന്താവാം ?

21. 'പ്രകാശം ജലംപോലെയാണ്' എന്ന കഥയുമായി ബന്ധപ്പെട്ടു നടത്തുന്ന സെമിനാറിൽ അവതരിപ്പിക്കാനായി "കുട്ടികളുടെ അഭിരുചി തിരിച്ചറിയുന്നതിലും ഭാവനാത്മകമായ ജീവിതം കരുപ്പിടിപ്പിക്കുന്നതിലും മുതിർന്നവർ വഹിക്കുന്ന പങ്ക്" എന്ന വിഷയത്തിൽ ഒരു പ്രഭാഷണം തയ്യാറാക്കുക.

22. ഉല്പന്നം തേടി സ്വയം ഉല്പന്നമായി മാറുന്ന ദിവാകരൻ, എന്തിനെയും വിറ്റ് കാശാക്കാൻ ശ്രമിക്കുന്ന ഉപഭോഗസംസ്കാരത്തിന്റെ ഇര കൂടിയാണോ ? നിങ്ങളുടെ അഭിപ്രായങ്ങൾ ക്രോഡീകരിക്കുക.

23. "അടിച്ചുതളിക്കാരി തന്നെയാണേ വിദൂഷകന്റെയും മുകളിൽ." വിദൂഷകൻ ഇങ്ങനെ അഭിപ്രായപ്പെടാനുള്ള കാരണമെന്തായിരിക്കും ? 'അഗ്നിവർണന്റെ കാലുകൾ' എന്ന നാടകത്തിലെ സൂചനകളെ അടിസ്ഥാനമാക്കി വിശകലനം ചെയ്യുക.

24. രോഗത്തോടും രോഗിയോടുമുള്ള സന്ദർശകരുടെ അനുഭാവപൂർണമല്ലാത്ത സമീപനത്തെ 'ഗൗളീജന്മം' എന്ന കഥയെ ആസ്പദമാക്കി വിവരിക്കുക.

താഴെ കൊടുത്തിട്ടുള്ള ഗദ്യഭാഗം വായിച്ച് 25 മുതൽ 27 വരെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. 2 സ്കോർ വീതം. $(3 \times 2 = 6)$

### കഥാവശേഷനാവുന്ന കർത്താവ്.

യന്ത്രം കഥയെഴുതുന്നു എന്നത് ആലങ്കാരികമോ അതിശയോക്തിപരമോ ആയ ഒരു പ്രസ്താവം മാത്രമായേ നമുക്കു കാണാനാവുമായിരുന്നുള്ളൂ, അടുത്തകാലംവരെ. യന്ത്രത്തെ ഉപയോഗിച്ചുകൊണ്ട് നമുക്ക് കഥയെഴുതാം; എന്നാൽ യന്ത്രത്തിന് കഥയെഴുതാൻ ആവില്ല. കഥയെഴുതുന്നത് സർഗാത്മകമായ ഒരു പണിയാണ്. യന്ത്രത്തിന് യാന്ത്രികമാവാനേ കഴിയൂ. ഇതൊക്കെയാണ് കഥയെഴുതുന്ന യന്ത്രം എന്ന ആശയം തന്നെ ഒരു കെട്ടുകഥയാണെന്ന് തോന്നാൻ നമ്മെ പ്രേരിപ്പിച്ച ധാരണകൾ. എന്നാൽ ഇന്ന് കഥ മാറി; യന്ത്രം മാറി. നമ്മെ വിസ്മയിപ്പിക്കുന്ന ഒരാശയം പോലുമല്ലാതായി അത്. നിർമിത ബുദ്ധിയുള്ള യന്ത്രത്തിന് കഥയെഴുതാനാവും. കഥ നല്ലതോ ചീത്തയോ എന്നത് മറ്റൊരു കാര്യം. കഥയിൽ ആ ചോദ്യമില്ല. യന്ത്രം എഴുതുന്നു എന്നതാണ്, എഴുത്തു സംഭവിക്കുന്നു എന്നതാണ് ഈ കഥയിലെ കാര്യം. എന്നാൽ എഴുത്തിലെ സർഗാത്മകതയെക്കുറിച്ചുള്ള നമ്മുടെ പരമ്പരാഗതമായ തീർപ്പുകൾ മാറിയോ ? സർഗധനനായ ഗ്രന്ഥകർത്താവ് മരിച്ചോ ? 'ഒരു ഗ്രന്ഥകർത്താവിന്റെ മരണം' എന്ന പേരിൽ അടുത്ത കാലത്ത് ഒരു നോവൽ പുറത്തുവന്നു. ഒരു പക്ഷേ, ഒരു യന്ത്രം എഴുതിയ ആദ്യത്തെ ലഘു നോവൽ !

25. യന്ത്രത്തിന് കഥയെഴുതാൻ ആവില്ല എന്നു പറയുന്നതെന്തുകൊണ്ട് ?

26. കഥയെഴുതുന്ന യന്ത്രം എന്ന ആശയം തന്നെ ഒരു കെട്ടുകഥയാണെന്ന് തോന്നാൻ നമ്മെ പ്രേരിപ്പിച്ച ധാരണകൾ എന്തെല്ലാം ?

27. അടുത്ത കാലത്തു പുറത്തുവന്ന, ഒരു യന്ത്രം എഴുതിയ ആദ്യത്തെ ലഘു നോവൽ എന്നറിയപ്പെടുന്നത് ഏതു കൃതി ?

**28 – 29 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 1 എണ്ണത്തിന് ഒന്നരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. 8 സ്കോർ വിതം.** **(1 × 8 = 8)**

28. "കുലനാരിക്കരുത് കോപം പോൽ" ഉള്ളിലുള്ള കോപവും വിഷമവുമെല്ലാം പുറത്തു കാണിക്കാതെ കഴിയുന്നവരാണ് ഉത്തമ സ്ത്രീകൾ എന്ന കേശിനിയുടെ അഭിപ്രായത്തെ "കൊള്ളിവാക്കല്ലാതൊന്നും" എന്ന പാഠഭാഗത്തെ ശീലാവതിയുടെ അനുഭവങ്ങളുമായി താരതമ്യപ്പെടുത്തി ഉപന്യാസം തയ്യാറാക്കുക.

29. "അനേകം നിർഭാഗ്യങ്ങളോടൊപ്പം സംഭവിച്ച ചില ഭാഗ്യങ്ങളുടെ പേരിലാണ് ഞാനിന്ന് ജീവിക്കുന്നത്." – കലാമണ്ഡലം ഹൈദരാലി. 'പദത്തിന്റെ പഥത്തിൽ' എന്ന പാഠഭാഗത്തിലെ ആശയങ്ങളെ മുൻനിർത്തി ഉപന്യാസം തയ്യാറാക്കുക.

- ദാരിദ്ര്യവും അവഗണനയും നിറഞ്ഞ ഹൈദരലിയുടെ ബാല്യകാലജീവിതം.
- കഷ്ടപ്പാടുകൾ അതിജീവിച്ച് നേടിയ പ്രശസ്തി.